(സി) ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുകയോ അല്ലെങ്കിൽ നിലവിലുള്ള വർക്ക് പരിശീലനം നല്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രൊപ്പോസൽ വിഭ്യമാക്കുന്നതിനനുസരിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(സി)

- യൂണിറ്റ് തുടങ്ങാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രിയിൽ സജ്ജീകരിക്കുക.
- ഡയാലിസിസ് മെഷ്യനുകളും R.O പ്ലാന്റും അനുബന്ധ സാമഗ്രികളും വാങ്ങി സജ്ജീകരിക്കുക.
- ഡയാലിസിസ് ടെക്നീഷ്യന്റേതടക്കമുള്ള അധിക തസ്തികകൾ സൃഷ്ടിക്കുക.
- ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുക.

(ഡി) പ്രൊപ്പോസൽ വിഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ**

**33 (6738)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിക്കുകയാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ ;

(സി) ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർ, നഴ്സ്, ടെക്നീഷ്യൻമാർ എന്നിവരെ നിയമിക്കുന്നതിനോ



LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പ്രൊപ്പോസൽ വിലയിരുത്തുന്നതിനനുസരിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(സി) അടിസ്ഥാന സൗകര്യങ്ങൾ

പൂർണ്ണമായും അണുവിമുക്തമായതും എ.സി. സംവിധാനമുള്ളതുമായ മുറികളിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടത്.

ഒരു യൂണിറ്റിൽ 4x11 അടി സ്ഥലം ആവശ്യമുണ്ട്. (മെഷീന്റെ വലിപ്പം അനുസരിച്ച് ഇതിൽ മാറ്റം വരുന്നതാണ്.) എത്ര യൂണിറ്റുകൾ ആരംഭിക്കുന്നു എന്നതനുസരിച്ച് സ്ഥലം ആവശ്യമായി വരും. സ്ഥിരമായുള്ള കറന്റ് ലഭ്യത ആവശ്യമായതിനാൽ ജനറേറ്റർ/യു.പി.എസ്. സംവിധാനം അത്യാവശ്യമാണ്. സ്ഥിരം ജലലഭ്യതയും ആർ.ഒ. പ്ലാന്റ് സംവിധാനവും അത്യാവശ്യമാണ്. ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ ഐ.സി.യു. സംവിധാനവും സെന്റർ ഓക്സിജൻ സപ്ലൈയും അത്യാവശ്യമാണ്.

മനുഷ്യവിഭവശേഷി

ഒരു നെഫ്രോളജിസ്റ്റ്/ഡയാലിസിസിൽ പരിശീലനം ലഭിച്ച ഒരു ഡോക്ടർ, മൂന്ന് മെഷീന് ഒരു ടെക്നീഷ്യൻ, അഞ്ച് രോഗികൾക്ക് ഒരു സ്റ്റാഫ് നഴ്സ്, ഷിഫ്റ്റിന് ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു അറ്റന്റന്റ് ഗ്രേഡ്-2 എന്നിവർ ആവശ്യമാണ്. യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ മരുന്നിന്റെ ലഭ്യതയും ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങൾ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**കടയ്ക്കൽ സർക്കാർ ആശുപത്രിയിലെ അപര്യാപ്തതകൾ**

**34 (6739)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തും ആശുപത്രി വികസന സമിതിയും നൽകിയ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly